II ഇ.ബി. XV- കേരള നിയമസഭ/VII-7

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ഡിസംബർ 13, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

24 (*181) പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വികസന പദ്ധതികൾക്കാവശ്യമായ മൂലധന സ്വരൂപണം, സ്വയംപര്യാപ്തമാക്കൽ എന്നിവയ്ക്ക് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്കനുയോജ്യമായ പദ്ധതികളും ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും അടിസ്ഥാനമാക്കിയുള്ള വിപുലീകരണ പദ്ധതികളും അന്താരാഷ്ട്രതല വിപണന സാധ്യതകളുള്ള നൂതന ഉൽപ്പന്നങ്ങൾ

നിർമ്മിക്കുന്നതിനുള്ള പദ്ധതികളും ആക്ഷൻ പ്ലാനിന്റെയും രൂപരേഖയുടെയും അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാനിലൂടെ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുമെന്നും ഇതിലേയ്ക്കായി പൊതുമേഖലാ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന ബഡ്ജറ്റിതര ധനസഹായം ലഭ്യമാക്കുമെന്നും സഭയെ അറിയിച്ചു. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി റിയാബിന്റെ നേതൃത്വത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ടെന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതല നിർവഹിക്കുന്നതിനുമായി അഡ്വൈസറെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കിൻഫ്ര ഉൾപ്പെടെ 24 പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ പ്രവർത്തനലാഭം നേടിയിട്ടുണ്ടെന്നും പൊതുമേഖല സ്ഥാപനങ്ങളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുമായി നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നുണ്ടെന്നും പ്രവർത്തന മൂലധനം നൽകുന്നതിന് കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് ബ്രിഡ്ജ് സംവിധാനം

നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണെന്നും അറിയിച്ചു. കമ്പനികളുടെ പ്രതിമാസ പ്രവർത്തന പുരോഗതി റിയാബ്/സർക്കാർതലങ്ങളിൽ അവലോകനം ചെയ്തുവരുന്നുണ്ടെന്നും ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും സുതാര്യത ഉറപ്പുവരുത്തുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ/സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനങ്ങൾ പരിശോധിക്കുന്നുണ്ടെന്നും ഇതുസംബന്ധിച്ച പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം കമ്പനികൾക്ക് നൽകുന്നുണ്ടെന്നും അറിയിച്ചു. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, ഡയറക്ടറേറ്റുകൾ, വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി തത്സമയം നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഓൺലൈൻ വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അധിക ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കിൻഫ്രാ, കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നിവയുടെയും പഞ്ചായത്തുകളുടെയും കീഴിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഭൂമി എം.എസ്.എം.ഇ.കൾക്കുവേണ്ടി ഫലപ്രദമായി

വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ സൗജന്യമായോ പാട്ടത്തിനോ വിട്ടുനൽകിയ ഭൂമി തിരികെ ലഭിക്കുന്നതിന് വിലനൽകണമെന്ന വ്യവസ്ഥയാണ് ഉന്നയിക്കുന്നതെന്നും ആഡിറ്റ് റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനും ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും തിരികെ ലഭിക്കുന്ന തുക വർദ്ധിപ്പിക്കുമെന്നും എം.എസ്.എം.ഇ.കൾക്ക് കുറഞ്ഞ നിരക്കിൽ ടെൻഡർ ക്വാട്ട് ചെയ്യുന്നതുസംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായും മന്ത്രി വ്യക്തമാക്കി. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ആയിരം കോടി രൂപ ടേണോവറുള്ള സ്ഥാപനമാക്കി മാറ്റുമെന്നും പുതിയ ടെക്നിക്കൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ടെന്നും മലബാർ സിമെന്റ്സിൽ സിമെന്റ് ഉൽപ്പാദനം

വർദ്ധിപ്പിക്കുന്നതിനും ജനുവരി ഒന്നുമുതൽ പുതിയ രൂപത്തിലുള്ള സിമെന്റ് വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കൊച്ചിയിൽ മലബാർ സിമെന്റ്സിന്റെ യൂണിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്നും ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ മാർക്കറ്റിംഗ് മേധാവിയെ നിയമിക്കുമെന്നും 40 കോടിരൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനം ശക്തമാക്കുമെന്നും 2023 പകുതിയോടെ കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും കാസർകോട് ബി.എച്ച്.ഇ.എൽ-ഇ.എം.എൽ, വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവ ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*182) <u>കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഉയർന്ന ഉൽപാദനച്ചെലവും അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെ വിലക്കൂടുതലും ദൗർലഭ്യവും കശുവണ്ടി ഉൽപാദനത്തിലും

വിപണനത്തിലുമുള്ള വിയറ്റ്നാമിന്റെ വളർച്ചയും കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിക്കുകയും തന്മൂലം സംസ്കരിച്ച പരിപ്പിന്റെ വില ഉയരുകയും ചെയ്തിട്ടുണ്ടെന്നും അതിനാൽ അന്താരാഷ്ട്ര വിപണിയിൽ സംസ്കരിച്ച പരിപ്പിന്റെ വിലനിർണ്ണയത്തിൽ കടുത്ത മത്സരം നേരിടേണ്ടി വരുന്നുണ്ടെന്നും കശുവണ്ടിപ്പരിപ്പിന്റെ എക്സ്പോർട്ടിംഗ് ഇൻസെന്റീവ് നിർത്തലാക്കിയത് പരിപ്പ് കയറ്റുമതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നും വിദേശ രാജ്യങ്ങളിൽ ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചതിനാൽ വിപണിയിൽ തോട്ടണ്ടി ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കി. നോട്ട് നിരോധനം, പ്രളയം, കോവിഡ് മഹാമാരി എന്നിവ പ്രതിസന്ധിയുടെ ആക്കം കൂട്ടിയതോടെ ഫാക്ടറികൾ അടച്ചിടുകയും തൊഴിൽ നഷ്ടത്തിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധികൾ നിരവധി വ്യവസായികളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ സർക്കാർ തലത്തിൽ ബാങ്കുകളുമായി ചർച്ചകൾ നടത്തി മൊറട്ടോറിയം അനുവദിച്ചതായും 70 സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ പലിശ ഗ്യാരണ്ടി നൽകി

അധിക വായ്പ ലഭ്യമാക്കുകയും വായ്പയുടെ 2019-20 വർഷത്തെ പലിശ ഒമ്പത് ശതമാനം സബ്സിഡിയിനത്തിൽ ബാങ്കുകൾക്ക് സർക്കാർ നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ടെന്നും കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ സ്കീം പ്രഖ്യാപിച്ച് ഉത്തരവാകുകയും 345 കോടിയോളം രൂപ ഒറ്റത്തവണ തീർപ്പാക്കലിനും കുടിശ്ശിക എഴുതിത്തള്ളുന്നതിനും വിനിയോഗിച്ചിട്ടുള്ളതായും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31-12-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും സമഗ്ര വികസനം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി നിയോഗിച്ച അഞ്ചംഗ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ ചർച്ചയിലൂടെ നടപടി സ്വീകരിക്കുമെന്നും ടി മേഖലയിലെ പ്രതിസന്ധി അതിജീവിക്കുന്നതിന് പാക്കേജ് പ്രഖ്യാപിക്കാൻ സാധിക്കുമോയെന്ന് സമിതി പരിശോധിക്കുന്നതാണെന്നും പ്രവർത്തിച്ചുവരുന്ന ഫാക്ടറികളെ മെച്ചപ്പെടുത്തുന്നതിനുള്ള പാക്കേജ് ഈ മാസം പ്രഖ്യാപിക്കുന്നതാണെന്നും വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വായ്പകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ

നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനും ഇൻസെന്റീവ് സ്കീമിനുമായി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുമെന്നും വ്യക്തമാക്കി. കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതാണെന്നും തോട്ടണ്ടി സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആഭ്യന്തര കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കുന്നതിനും കശുവണ്ടിയുടെ മൂല്യവർദ്ധിത സാധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും വിരമിക്കുന്ന തീയതിതന്നെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*183) <u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനാവശ്യമായ മൂലധന സ്വരൂപണം, സ്വയംപര്യാപ്തമാക്കൽ എന്നിവയ്ക്കുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്കനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ

ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും അടിസ്ഥാനമാക്കിയുള്ള വിപുലീകരണ പദ്ധതികളും അന്താരാഷ്ട്രതല വിപണന സാധ്യതകളുള്ള നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്കുമായി മാസ്റ്റർപ്ലാൻ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയിൽ പ്രവർത്തിക്കാനുതകുന്നവിധം പൊതുമേഖല സ്ഥാപനങ്ങളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനികവത്കരണത്തിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുമായി നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നുണ്ടെന്നും കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുമെന്നും 16 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്രകാരം നിയമനം നടത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡിലെ തൊഴിലാളികളുടെ വേതന വർദ്ധനവിന് നടപടി സ്വീകരിക്കുമെന്നും കേരള ഓട്ടോമൊബൈൽസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതോടൊപ്പം ജോയിന്റ് വെഞ്ച്വറുകളുടെ സാധ്യത പരിശോധിക്കുന്നുണ്ടെന്നും സാങ്കേതിക നൈപുണ്യം വിലയിരുത്തിയശേഷം മാത്രമേ പഴയ ബസ്സുകളെ ഇലക്ട്രിക്

ബസ്സുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്ക് ഓട്ടോമൊബൈൽസിനെ നിയോഗിക്കുകയുള്ളൂവെന്നും കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിനുകീഴിൽ ആലപ്പുഴയിൽ ഓങ്കോളജി പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27 (*184) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭകരമായ ഉൽപ്പാദനം നടത്തുവാനുള്ള സാങ്കേതികവിദ്യ, ഉൽപ്പന്നത്തിന്റെ വിപണന സാധ്യത എന്നിവ കണ്ടെത്തി സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള മുൻകാല ബാദ്ധ്യതകൾ തീർപ്പാക്കി പുനരുജ്ജീവിപ്പിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തുകയെന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന, വിപണന മേഖലകളിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് വൈവിധ്യവൽക്കരണം അടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും വിവിധ നവീകരണ-വിപുലീകരണ പദ്ധതികൾക്കായി 262.01 കോടി രൂപ

സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി വിതരണം ചെയ്യുന്നതുകൂടാതെ പൊതുമേഖല ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന ബഡ്ജറ്റിതര ധനസഹായവും ലഭ്യമാക്കുന്നുണ്ട്. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിയാബിന്റെ നേതൃത്വത്തിൽ വ്യവസായ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതല നിർവഹിക്കുന്നതിനുമായി അഡ്വൈസറെ നിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കുമെന്നും ശ്രീ.പോൾ ആന്റണി അദ്ധ്യക്ഷനായ വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യങ്ങൾക്കനുസൃതമായി പർച്ചേസ് മാന്വലും സെയിൽസ് മാന്വലും നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ

തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡും ബി.എച്ച്.ഇ.എൽ-ഇ.എം.എൽ-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ സൗജന്യമായോ പാട്ടത്തിനോ വിട്ടുനൽകിയ ഭൂമി പ്രസ്തുത ആവശ്യത്തിനുതന്നെ വിനിയോഗിക്കണമെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്നും 'സംരംഭക വർഷം' പദ്ധതി ഉൾപ്പെടെ ആവിഷ്കരിച്ച് പുതിയ സംരംഭങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും 'ബിസിനസ് ടു ബിസിനസ്' മീറ്റ് ഉൾപ്പെടെ സംഘടിപ്പിച്ച് കേരളത്തിലെ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും അറിയിച്ചു. ഇന്ത്യൻ പ്രതിരോധ വകുപ്പിനും ഡിഫൻസ് റിസർച്ച് ഡെവലപ്പ്മെന്റ് ഓർഗനൈസേഷനുമാവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്,

കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും പ്രതിരോധമേഖലയിൽ അന്തർദേശീയതലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന വാണിജ്യ പ്രദർശനങ്ങളിൽ കെൽട്രോൺ പങ്കെടുക്കുന്നുണ്ടെന്നും ചിറയിൻകീഴിൽ ബയോ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണം നടന്നുവരുന്നതായും മെഡിക്കൽ ഡിവൈസ് പാർക്കിനായി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടെന്നും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രവർത്തന മേഖല പാക്കേജിംഗ് വ്യവസായത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിലേയ്ക്കായി മൂവായിരം കോടി രൂപ ടേണോവറുള്ള പേപ്പർ ഉൽപ്പാദന സ്ഥാപനമാക്കുന്നവിധമുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും കയർ, കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി രൂപീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.